**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1291** | **27-07-2021 - ൽ മറുപടിയ്ക്ക്**

**കായികവികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri.V. Abdurahiman** (കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായികവികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കായികവികസനം ലക്ഷ്യമാക്കി കായികക്ഷമതയുളള യുവതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കിക്കോഫ് ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി വ്യാപിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ഹൂപ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് |

മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. സ്പ്രിന്റ് ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. പ്ലേ ഫോർ ഹെൽത്ത് കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. സപ്ലാഷ് ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സപ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ 2019-20 സാമ്പത്തിക വർഷത്തിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ കുന്നംകുളത്ത് തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. താഴെ തട്ടിലുള്ള വിദ്യാർത്ഥികൾക്ക് ചിട്ടയായ രീതിയിൽ ശാസ്ത്രീയമായ കായികപരിശീലനം നൽകുക എന്നതാണ് ഉദ്ദേശം. ഏഴ്, എട്ട് ക്ലാസ്സുകളിൽ 30 കുട്ടികൾ വീതം ഉൾപ്പെടുത്തി ഡിവിഷൻ തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള ഷൂട്ടിംഗ് അക്കാഡമി ലോകോത്തര

നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തി വരുന്നു. സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്ന പദ്ധതിയാണിത്. കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് അക്കാഡമി തുടങ്ങുന്നത്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക മാത്രമായാണ് പരിശീലനം നടത്തുന്നത്. പ്രസ്തുത അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ജൂഡോക്ക സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. പഞ്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്.. 8 മുതൽ 11 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്ന് ബോക്സിംഗ് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുന്ന പദ്ധതിയാണിത്.. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടുവാൻ പ്രാപ്തരാക്കുവാനും പദ്ധത സഹായകരമാകും. സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡൻസ് ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന

നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20ൽ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമത പരിശോധന നടത്തിയിട്ടുണ്ട്. ബയോപ്സി ടെസ്റ്റ് ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കായിക അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെട ആകെ 58 സ്റ്റേഡിയങ്ങളും ഏകദേശം 1000 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ കായിക വകുപ്പിന് കൈമാറി. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലകർ, കായിക ഉപകരണങ്ങൾ, താമസത്തിനായി നവീകരിച്ച ഹോസ്റ്റലുകൾ, മികച്ച ഭക്ഷണം എന്നിവ ഉൾപ്പെടെ എല്ലാ മേഖലയിലും ആവശ്യമായ പ്രവർത്തനങ്ങളും സൗകര്യങ്ങളും നടന്നുവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.
ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".
ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കുകയും 9 കായികയിനങ്ങളിൽ പരിശീലനം നൽകി വരികയും ചെയ്തു. തുടർന്ന് 9 കായികയിനങ്ങളിൽ നിന്നും ദേശീയ അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്,

ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. 2020-24ൽ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന പ്രമുഖ കായിക പദ്ധതിയായ ഓപ്പറേഷൻ ഒളിമ്പ്യ നിലവിൽ ബോക്സിംഗ് കായികയിനം തിരുവനന്തപുരം ജില്ലയിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം നൽകി വരുന്നു. ഓരോ കായികയിനത്തിലും 15 കായികതാരങ്ങൾ വീതമാണ് പരിശീലനം നടത്തി വരുന്നത്. ഓരോ വർഷത്തിലും പ്രകടന മികവ് വിലയിരുത്തി വീഡിംഗ് ഔട്ട് നടത്തി വരുന്നുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ പരിശീലനം നേടി വരുന്ന കായികതാരങ്ങൽ 2018 മുതൽ വിവിധ കായികമത്സരങ്ങളിൽ സ്വർണ്ണം-20, വെള്ളി-13, വെങ്കലം-14 എന്നിങ്ങനെ മെഡലുകൾ കരസ്ഥമാക്കിയിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. ഫുട്ബോൾ എന്ന കായികയിനത്തിൽ വനിതാ കായിക താരങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഫുട്ബോളിന് ഏറെ പ്രാമുഖ്യമുള്ള എറണാകുളം ജില്ലയിൽ ഒരു വനിതാ ഫുട്ബോൾ

| | | | |
|---|---|---|---|
| | | | അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കഴിഞ്ഞ അഞ്ചുവർഷം നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ അഞ്ചു വർഷം ബജറ്റ വിഹിതം, കിഫ്ബി ധനസഹായം എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികളും ഇതിനായി ചെലവഴിച്ച തുകയും അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കിയ പദ്ധതികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങളും കായിക വികസന നിധിയിൽ നിന്നും വിവിധ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ച വിവരങ്ങളും അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കിയ പദ്ധതികളും ആയതിലേയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റേഡിയം നിർമ്മിക്കാനും നിലവിലുള്ള സ്റ്റേഡിയം നവീകരിക്കാനും കായികവകുപ്പ് ഏതെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതിയും വ്യക്തമാക്കാമോ; | (സി) | പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റേഡിയം നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. മൈതാനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ കണ്ടെത്തി പ്രസ്തുത പഞ്ചായത്തുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭൂമിയിൽ മൈതാനങ്ങൾ നിർമ്മിച്ച് നൽകുന്നതാണ് പരിഗണനയിലുള്ളത്. തെരഞ്ഞെടുക്കുന്ന കായിക ഇനത്തിന്റെ അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിലാണ് സ്ഥല വിസ്തൃതി നിർണ്ണയിക്കുന്നത്. പ്രാദേശിക താൽപര്യവും അഭിരുചിയും കണക്കിലെടുത്ത് സ്റ്റേഡിയത്തിൽ ഉൾപ്പെടുത്തേണ്ട കായിക ഇനം തീരുമാനിക്കുന്നതാണ്. |
| (ഡി) | കായിക വകുപ്പിന്റെ സഹായത്തോടെ പഞ്ചായത്തുകളിലും നഗരസഭകളിലും നിർമ്മിച്ച എത്ര സ്റ്റേഡിയങ്ങൾ ഉണ്ടെന്ന് പേരുൾപ്പെടെ ജില്ല തിരിച്ച് വ്യക്തമാക്കാമോ; കായികവകുപ്പിൽ നിന്നുള്ള സഹായം കൂടാതെ മറ്റേതെല്ലാം സഹായങ്ങൾ ഈ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | കഴിഞ്ഞ അഞ്ചു വർഷം ബജറ്റ് വിഹിതം, കിഫ്ബി ധനസഹായം എന്നിവ മുഖേന പഞ്ചായത്തുകളിലും നഗരസഭകളിലും നിർമ്മിച്ച് സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധം -IV ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- IV**

| നം | പദ്ധതിയുടെ പേര് |
|---|---|
| | **കണ്ണൂർ** |
| 1 | പിണാറായി സ്വിമ്മിംഗ് പൂൾ |
| 2 | പിലാത്തറ ഇൻഡോർ സ്റ്റേഡിയം രണ്ടാം ഘട്ടനിർമ്മാണം |
| 3 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ |
| 4 | കണ്ണൂർ സ്പോർട്സ് ഡിവിഷൻ ജിവിഎച്ച്എസ്എസ് വോളിബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം |
| 5 | കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ നവീകരണം പുതിയ ഹോസ്റ്റൽ ബ്ലോക്ക് (ഒന്നും, രണ്ടും നിലകൾ), കിച്ചൺ & ടോയ്ലറ്റ് ബ്ലോക്ക്, അഡ്മിൻ ബ്ലോക്ക് |
| | **വയനാട്** |
| 6 | ആർച്ചറി അക്കാഡമിയിലെ പ്രീഫാബ് ഹോസ്റ്റലുകളുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും |
| | **കോഴിക്കോട്** |
| 7 | നടക്കാവ് സ്വിമ്മിംഗ്പൂൾ & ഹെൽത്ത് ക്ലബ്ബ് പുനരുദ്ധാരണം |
| 8 | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ |
| | **മലപ്പുറം** |
| 9 | മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് നവീകരണവും ഫ്ളെഡ് ലൈറ്റ് സ്ഥാപിക്കലും |
| | **പാലക്കാട്** |
| 10 | കണ്ണമ്പ്ര പഞ്ചായത്തിലെ ഫുട്ബോൾ സ്റ്റേഡിയം |
| 11 | കോട്ടായി ഹയർ സെക്കന്ററി സ്കൂളിൽ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, പവലിയൻ കെട്ടിടം |
| | **തൃശ്ശൂർ** |
| 12 | തൃശൂർ അക്വാട്ടിക് കോംപ്ലക്സ് നവീകരണം |
| 13 | തൃശൂർ വേലൂർ സ്കൂൾ ഗ്രൗണ്ട് നവീകരണം |
| 14 | കുന്നംകുളം സ്കൂൾ ഗ്രൗണ്ട് (ഫുട്ബോൾ കോർട്ട്) നിർമ്മാണവും മറ്റ് അനുബന്ധ പ്രവൃത്തികളും |
| 15 | വി.കെ.എൻ. മേനോൻ ഇൻഡോർ ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ |
| | **ഇടുക്കി** |
| 16 | വോളീബോൾ അക്കാഡമി (മേപ്പിൾവുഡ് ഫ്ളോറിംഗ്) |

| | |
|---|---|
| | **ആലപ്പുഴ** |
| 17 | രാജ കേശവദാസ് സ്വിമ്മിംഗ്പൂൾ നവീകരണം |
| | **കൊല്ലം** |
| 18 | ഹോക്കി സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ |
| 19 | പത്തനാപുരം പഞ്ചായത്തിലെ കുണ്ടയം മൾട്ടി പർപ്പസ് സ്റ്റേഡിയം |
| 20 | കൊട്ടാരക്കര ജി.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് |
| | **തിരുവനന്തപുരം** |
| 21 | ശ്രീപാദം സ്റ്റേഡിയം ആറ്റിങ്ങൽ പോപ് അപ് സ്പ്രിംഗ്ളർ സംവിധാനത്തോടു കൂടിയ നാചറൽ ഫുട്ബോൾ കോർട്ട്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ എന്നിവ |
| 22 | ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, സിന്തറ്റിക് ഫുട്ബോൾ ഗ്രൗണ്ട്, 400 മീ സിന്തറ്റിക് ട്രാക്ക്, സിന്തറ്റിക് ഹോക്കി ടർഫ്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ |
| 23 | പിരപ്പൻകോട് സ്വിമ്മിംഗ്പൂളിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ |
| 24 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് അക്കാഡമിയിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ |
| 25 | ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ |

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ എന്നിവയുടെ കീഴിൽ വിവിധ ജില്ലകളിലെ പഞ്ചായത്തുകളിലും, നഗരസഭകളിലും നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ**

| | |
|---|---|
| | **തിരുവനന്തപുരം** |
| 1) | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം |
| 2) | പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളം |
| 3) | ശംഖുമുഖം ജി.വി.രാജ ഇൻഡോർ സ്റ്റേഡിയം |
| 4) | ഇടവ സ്റ്റേഡിയം |
| 5) | നന്ദിയോട് |
| | **കൊല്ലം** |
| 1) | ന്യൂ ഹോക്കി സ്റ്റേഡിയം |
| | **കോട്ടയം** |
| 1) | ഇൻഡോർ സ്റ്റേഡിയം |

| | |
|---|---|
| **ഇടുക്കി** | |
| 1) | ഇടുക്കി വോളീബോൾ അക്കാഡമി |
| 2) | എച്ച്.എ.ടി.സി മൂന്നാർ |
| **എറണാകുളം** | |
| 1) | പനംപള്ളി നഗർ ഫുട്ബോൾ സ്റ്റേഡിയം |
| **തൃശ്ശൂർ** | |
| 1) | വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയം |
| **മലപ്പുറം** | |
| 1) | കോട്ടപ്പടി ഫുട്ബോൾ സ്റ്റേഡിയം |
| പാലക്കാട് | |
| 1) | പാലക്കാട് മെഡിക്കൽ കോളേജ് ഗ്രൗണ്ട് |
| **വയനാട്** | |
| 1) | ജില്ലാ സ്റ്റേഡിയം മൂണ്ടേരി കൽപ്പറ്റ (കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി) |
| **കോഴിക്കോട്** | |
| 1) | വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം |
| 2) | നടുവണ്ണൂർ വോളീബോൾ അക്കാഡമി |
| കണ്ണൂർ | |
| 1) | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം |
| 2) | കക്കാട് സ്വിമ്മിംഗ് പൂൾ |

സെക്ഷൻ ഓഫീസർ